തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): ബഹുമാനപ്പെട്ട ഡോക്ടറടക്കമുള്ള അവിടുത്തെ ട്രേഡ് യൂണിയൻ നേതാക്കൻമാരുമായി ഞങ്ങൾ ഇതിനെ സംബന്ധിച്ചുള്ള ചർച്ചയിലിരിക്കുമ്പോഴാണ് മാക്ഡവൽ കമ്പനി closure -നുള്ള നോട്ടീസ് തന്നത്. നൂറിൽ താഴെ തൊഴിലാളികൾ ഉള്ളതുകൊണ്ട് നിയമപരമായിട്ട് നോട്ടീസ് ഇല്ലാതെ തന്നെ closure -ലേക്ക് പോകാം. പക്ഷേ എങ്കിലും closure നോട്ടീസ് തന്നപ്പോൾ തന്നെ അതിനകത്ത് ഇടപെട്ടു. കഴിഞ്ഞ ദിവസം ഞാൻ ട്രേഡ് യൂണിയൻ നേതാക്കൻമാരെ വിളിപ്പിച്ച് യാതൊരു കാരണവശാലും ആ സ്ഥാപനം ക്ലോസ് ചെയ്യുന്നതിന് അനുവദിക്കില്ലെന്ന് അവരോട് പറഞ്ഞിട്ടുണ്ട്. അവർ നഷ്ടത്തിന്റെ കുറേ കണക്കുകളൊക്കെ അവതരിപ്പിച്ചു. അത് പരിഹരിക്കാൻ തൊഴിലാളി യൂണിയനുമായി ചേർന്ന് എന്തെല്ലാം ചെയ്യാൻ കഴിയുമെന്ന് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട ഡോക്ടർ ചൂണ്ടിക്കാണിച്ചതു പോലെ ഇപ്പോൾ വന്നിരിക്കുന്ന ഒരു പ്രത്യേകത, മാനേജുമെന്റുകൾ പലപ്പോഴും അവരുടെ കുറേ കണക്കുകളും ന്യായങ്ങളും പറഞ്ഞ് യാതൊരു തത്വദീക്ഷയുമില്ലാതെ സ്ഥാപനങ്ങൾ അടച്ചുപൂട്ടാൻ തുനിയുന്ന സാഹചര്യമുണ്ട്. ഇത് മനസ്സിലാക്കിക്കൊണ്ട് തൊഴിലാളികളും വളരെയധികം വിട്ടുവീഴ്ചയ്ക്ക് തയ്യാറാകുന്നു. എങ്കിലും മാക്ഡവൽ കമ്പനിയിലെ യു.ബി. എന്നുപറയുന്ന കമ്പനിയിലെ മാനേജുമെന്റിന്റെ സമീപനമൊക്കെ അങ്ങേയ്ക്ക് അറിയാം. പക്ഷേ എങ്കിലും കഴിഞ്ഞ ദിവസം അവരുമായി നടത്തിയ ചർച്ചയുടെ വെളിച്ചത്തിൽ അടുത്ത ആഴ്ച വീണ്ടും അവരെ ചർച്ചയ്ക്ക് വിളിക്കുന്നുണ്ട്. അതിനകം കമ്പനി നടത്തിക്കൊണ്ടു പോകുന്നതിന് വയബിളായിട്ടുള്ള പ്രൊപ്പോസലുമായി അവർ ചർച്ചയ്ക്ക് വരണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. നമുക്ക് ശ്രമിക്കാം. മാക്ഡവൽ കമ്പനിയുടെ പ്രധാന മാർക്കറ്റ് കേരളമാണ്. ഇപ്പോൾ അങ്ങനെയല്ല. കേരളത്തിൽ ഉണ്ടാക്കുന്നത് കേരളത്തിൽ വിൽക്കുന്നു, തമിഴ്നാട്ടിൽ ഉണ്ടാക്കുന്നത് തമിഴ്നാട്ടിൽ വിൽക്കുന്നു, ആന്ധ്രയിൽ ഉണ്ടാക്കുന്നത് ആന്ധ്രയിൽ വിൽക്കുന്നു. കേരളത്തിൽ ഉണ്ടാക്കി കേരളത്തിൽ വിറ്റില്ലെങ്കിൽ കേരളത്തിലെ ഫാക്ടറി അടയ്ക്കുമെന്നുള്ളതാണ് അവർ എടുക്കുന്ന സമീപനം തീർച്ചയായിട്ടും ഈ സ്ഥാപനം പൂട്ടാതിരിക്കുന്നതിന് ഗവൺമെന്റും ശക്തമായ നടപടികൾ സ്വീകരിക്കാം.

(6) കോഴിക്കോട് വനിതാ ഐ.ടി.ഐ.-ക്ക് പുതിയ കെട്ടിടം

ശ്രീ. എ. സുജനപാൽ : സർ, കോഴിക്കോട് വനിത ഐ.ടി.ഐ.യുടെ ശോചനീയാവസ്ഥയെ കുറിച്ചാണ് എനിക്ക് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. 1987-ൽ വെള്ളയിലെ താൽക്കാലിക ഷെഡിലേയ്ക്ക് അത് മാറ്റി. സ്ഥിരമായി കെട്ടിടത്തിനുവേണ്ടി വേങ്ങേലിയിൽ സ്ഥലം എടുത്ത് അതിന്റെ പ്രവൃത്തിയും ആരംഭിച്ചു. പക്ഷേ രണ്ട് വർഷമായി അതിന്റെ പ്രവൃത്തി മുടങ്ങി കിടക്കുകയാണ്. അതുകാരണം എൻ.സി.ഐ.ബി.ടി.-യുടെ അഫിലിയേഷൻവരെ റദ്ദ് ചെയ്യുമെന്നുള്ള ഭീഷണി മുഴക്കിയ സാഹചര്യമാണുള്ളത്. അതുകൊണ്ട് ഗവൺമെന്റ് അടിയന്തിരമായി അതിന്റെ കെട്ടിടത്തിന്റെ പണി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

അവിടെ അനുവദിച്ച കമ്പ്യൂട്ടർ, ഹൗസ് കീപ്പിംഗ്, റിസപ്ഷനിസ്റ്റ് തുടങ്ങിയ കോഴ്സുകൾ തുടങ്ങാൻ സാധിക്കാത്ത സാഹചര്യമാണുള്ളത്. അതുകൊണ്ട് ഈ കെട്ടിടത്തിന്റെ പ്രവൃത്തികൾ പൂർത്തീകരിക്കാൻ ആവശ്യമായ ഫണ്ട് നൽകണം. അവിടെ ആവശ്യമായിട്ടുള്ള എക്വിപ്മെന്റ്സ് നൽകണം. അതുപോലെ തന്നെ പുതിയ കോഴ്സുകൾ ആരംഭിക്കണം. അതിന് എൻ. സി. പി. ടി.-യുടെ അംഗീകാരം റദ്ദു ചെയ്യുന്ന സാഹചര്യത്തെക്കുറിച്ച് ഗവൺമെന്റ് അന്വേഷിക്കണം. റദ്ദ് ചെയ്തിട്ടുണ്ടെങ്കിൽ കുട്ടികൾക്ക് പഠനം തുടർന്നു കൊണ്ടുപോകാനുള്ള ബുദ്ധിമുട്ടുണ്ടാകും. അത് വിദ്യാർത്ഥികളുടെ ഇടയിലും രക്ഷിതാക്കളുടെ ഇടയിലും ഒരുപാട് ആശങ്കകൾ ഉണ്ടാക്കിയിട്ടുണ്ട്. വിദ്യാർത്ഥികൾ കുറെ കാലമായി സമരത്തിലാണ്. അത് ബഹുമാനപ്പെട്ട മന്ത്രിക്ക് തന്നെ അറിയാവുന്ന കാര്യമാണ്. അദ്ദേഹം കഴിഞ്ഞ വർഷം ഒരു കോൺഫറൻസ് വിളിച്ചുകൂട്ടി ചില നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പക്ഷേ അതിന് വേഗത പോര എന്നുള്ളതാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. അടിയന്തിരമായി അവിടെ കെട്ടിടത്തിന്റെ പണി പൂർത്തികരിക്കാനും അവിടുത്തെ അഫിലിയേഷൻ പുനഃസ്ഥാപിക്കാനും വേണ്ടിയുള്ള നടപടികൾ ഗവൺമെന്റ് അടിയന്തിരമായി സ്വീകരിക്കണമെന്ന് വിനയപുരസ്സരം അഭ്യർത്ഥിക്കുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, കോഴിക്കോട് വനിത ഐ.ടി.ഐ. ക്ക് 90 ലക്ഷം രൂപയുടെ കെട്ടിടത്തിന്റെ പണി 1997-ൽ നൽകിയതാണ്. 1998-ൽ അതിന്റെ പ്രവർത്തനം തുടങ്ങി. അതിന്റെ സ്ട്രക്ച്ചറെല്ലാം പൂർത്തിയായി കഴിഞ്ഞപ്പോൾ കോൺട്രാക്ടർ, അത് പഴയ റേറ്റിലുള്ള അതായത് 1996-ലെ ഷെഡ്യൂളുകൾ അനുസരിച്ചുള്ള കരാറാണ്, അത് നടത്തിക്കൊണ്ട് പോകാൻ കഴിയില്ല എന്ന് കാണിച്ചുകൊണ്ട് ഒരു നോട്ടീസ് കൊടുത്തു. അതിന്റെ പ്രവർത്തനം നിർത്തിവച്ചു. ഇപ്പോൾ ആവശ്യപ്പെട്ടത് 95.5 ശതമാനം റേറ്റ് വർദ്ധനവാണ്. അവരുമായിട്ടും പി.ഡബ്ല്യു.ഡി.-യുമായിട്ടും ഈ കാര്യങ്ങൾ ചർച്ച ചെയ്തു. 17-7-2004 മുതൽ വീണ്ടും കെട്ടിടത്തിന്റെ പണി പുനരാരംഭിച്ചിട്ടുണ്ട്. പണി എത്രയും പെട്ടെന്നു പൂർത്തിയാക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു. അവിടുത്തെ എല്ലാ കോഴ്സുകൾക്കും അഫിലിയേഷനുണ്ട്. അഫിലിയേഷന് പ്രശ്നമില്ല. പക്ഷേ ഉപകരണങ്ങൾ വാങ്ങുന്നതിനായി ഈ വർഷം 7,68,029 രൂപയുടെ സാങ്ഷൻ കൊടുത്തിട്ടുണ്ട്. അത് കെൽട്രോണിൽ നിന്ന് വാങ്ങുന്നതിനുള്ള നടപടികൾ പൂർത്തിയായി വരികയാണ്. കോഴ്സുകൾക്ക് അഫിലിയേഷൻ നിലനിർത്തിക്കൊണ്ടുതന്നെ ഈ പണി എത്രയും പെട്ടെന്ന് പൂർത്തിയാക്കി ഐ. ടി. ഐ.-യുടെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

(7) മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ കുടിയിറക്ക് ഭീഷണി

ശ്രീ. കളത്തിൽ അബ്ദുള്ള : സർ, മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ കുടിയിറക്ക് പ്രശ്നമാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്. മണ്ണാർക്കാട് യു.ഡി.എഫും എൽ.ഡി.എഫും ഇന്ന് ഈ കുടിയിറക്കിനെതിരായി സമരത്തിലാണ്. എന്റെ നിയോജകമണ്ഡലത്തിലെ അഗളി പഞ്ചായത്തിലെ കൂറുക്കൻകുണ്ട്, ചിരപുരാതനമായ ഒരു റോമാപള്ളി സ്ഥിതി ചെയ്യുന്ന സ്ഥലമാണ്, അതുപോലെ

LIBRARY ARCHIVES Kerala Legislative Assembly